(ബി) വിവിധയിനം പനി ബാധിച്ച് മരിച്ചവരുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* പനി ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആരോഗ്യവകുപ്പിൽനിന്നും സാമ്പത്തിക സഹായം നൽകിയിട്ടില്ല.

(സി) മാരകമായ പനി പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും എല്ലാ വർഷവും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി സർക്കാർ നടപ്പിലാക്കുന്നുണ്ട്. മഴക്കാല പൂർവ്വ ശുചീകരണം, ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തന കാമ്പയിനുകൾ, ഫീൽഡ് തലത്തിലും ആശുപത്രി തലത്തിലുമുള്ള രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം തുടങ്ങിയവയാണ് പ്രധാന പ്രതിരോധ പ്രവർത്തനങ്ങൾ. രോഗം കണ്ടെത്തിയാൽ ശരിയായ ചികിൽസ, രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ഉചിതമായ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുന്നു. കൂടാതെ സേഫ് കേരള കാമ്പയിൻ എന്ന പരിപാടിയിലൂടെ ശുചിത്വ ആരോഗ്യ മാനദണ്ഡങ്ങൾ പാലിക്കാത്ത വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും എതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിവിധയിനം പനി ബാധിച്ച് ചികിൽസയിലിരിക്കുന്നവരുടെ വിശദാംശം അനുബന്ധം I ൽ സൂചിപ്പിച്ചിരിക്കുന്നു.*

(ഡി) പകർച്ചവ്യാധികളുടെ പരിശോധന മെച്ചപ്പെടുത്തുന്നതിനായി 5 ജില്ലാ ലാബുകൾക്കും 5 മെഡിക്കൽ കോളേജുകളുടെ ലാബുകൾക്കും ഐ.ഡി.എസ്.പി. വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇതിനു പുറമെ 27 ലാബുകൾക്ക് എൻ.വി.ബി.ഡി.സി.പി.യിൽ നിന്ന് 1 ലക്ഷം രൂപ, ഡങ്കു, ചിക്കുൻഗുനിയ എന്നിവയുടെ ടെസ്റ്റ് കിറ്റുകൾ വാങ്ങുന്നതിന് നൽകുന്നുണ്ട്. എച്ച്1 എൻ1, കുരങ്ങുപനി എന്നീ രോഗങ്ങളുടെ പരിശോധനയ്ക്കായി എൻ.ഐ.വി. യൂണിറ്റ് ആലപ്പുഴ, മണിപ്പാൽ മെഡിക്കൽ കോളേജിലെ വൈറോളജി ഡിപ്പാർട്ട്മെന്റ് എന്നിവയുടെ സഹായം ലഭ്യമാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഫലപ്രദമായ ചികിൽസ ലഭ്യമാക്കുന്നതിനുള്ള ആവശ്യമായ മാർഗ്ഗരേഖകൾ ജില്ലകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്

16 (708) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സ്ഥലംകണ്ടെത്തി നൽകിയാൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (AIIMS) കേരളത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമെന്ന കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ സ്ഥാപനത്തിന് ഏതെല്ലാം സ്ഥലങ്ങളാണ് പരിഗണിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേരളത്തിന് 'എയിംസ്' അനുവദിക്കുന്ന വിഷയത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി സഹകരിച്ച് സംസ്ഥാന സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കേരളത്തിൽ സ്ഥാപിക്കുന്നതിനായി അനുയോജ്യമായ മൂന്നോ നാലോ പ്രദേശങ്ങൾ കണ്ടെത്തി നൽകുവാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമവകുപ്പ് ആവശ്യപ്പെടുകയും വിശദമായ വിലയിരുത്തലുകൾക്ക് ശേഷം താഴെപറയുന്ന നാല് പ്രദേശങ്ങൾ എയിംസ് സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുക്കുകയും ഈ വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിരുന്നു.

1. കോഴിക്കോട് ജില്ലയിലെ കിനാലൂർ കാന്തലാട് വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ബാധ്യതകൾ ഒന്നും ഇല്ലാത്ത 154.43 ഏക്കർ സ്ഥലം.
2. കോട്ടയം ജില്ലയിലെ ആർപ്പുക്കര, അതിരമ്പുഴ ബ്ലോക്കുകളിലായി ലഭ്യമായിട്ടുള്ള 194.85 ഏക്കർ സ്ഥലം.
3. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ കള്ളിക്കാട് വില്ലേജിൽ നെട്ടുകാൽത്തേരി ഉറന്ന ജയിലിന് സമീപത്തായി ലഭ്യമായിട്ടുള്ള 263.45 ഏക്കർ സ്ഥലം.
4. എറണാകുളം ജില്ലയിലെ തൃക്കാക്കര നോർത്ത് വില്ലേജിലെ 123.5 ഏക്കർ സ്ഥലം.

ഈ നാല് പ്രദേശങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ ചെക്ക് ലിസ്റ്റായി തയ്യാറാക്കി നൽകുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ആയത് നൽകിയിട്ടുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ വിദഗ്ധർ അടങ്ങുന്ന സംഘം പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ് എന്ന് ബഹു. കേന്ദ്ര ആരോഗ്യമന്ത്രി ബഹു. മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly